**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4079 | 25.06.2018-ൽ മറുപടിയ്ക്ക്.

**ശബരി കുപ്പിവെള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ശബരി കുപ്പിവെള്ള പദ്ധതിയ്ക്ക് വേണ്ടി വനം വകുപ്പിന്റെ എത്ര സെന്റ് സ്ഥലമാണ് വിട്ടുനല്കിയതെന്നും കെട്ടിടം നിർമ്മിക്കുവാനും പ്ലാന്റ് സ്ഥാപിക്കുവാനും വേണ്ടി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; | (എ) പത്തനാപുരം താലൂക്കിലെ പുന്നല എന്ന സ്ഥലത്ത് കേരളാ വന വികസന കോർപ്പറേഷന് ലീസിന് നൽകിയിട്ടുള്ളതിൽ 0.20 ഹെക്ടർ സ്ഥലമാണ് ശബരി കുപ്പിവെള്ള പദ്ധതിക്കായി കേരളാ വന വികസന കോർപ്പറേഷൻ. ഉപയോഗപ്പെടുത്തിയത്. പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച ഒരു കോടി രൂപയിൽ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ 57,53,898/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി കെട്ടിടവും കിണറും നിർമ്മിച്ചിട്ടുണ്ട്, എന്നാൽ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ ഉൽപ്പാദിപ്പിച്ച കുപ്പിവെള്ളം സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; | (ബി) പദ്ധതിയുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചു വരവെ, വനഭൂമിയിൽ കുപ്പിവെള്ള നിർമ്മാണം നടത്തുന്ന പദ്ധതി ഫോറസ്റ്റ് കൺസർവേഷൻ ആക്ട് സെക്ഷൻ-2-ൽ ഉൾപ്പെട്ട വനേതര പ്രവർത്തി ആണെന്നും ആയതിനാൽ ഇത് നിയമവിരുദ്ധമാണെന്നും ടി പദ്ധതി പ്രവർത്തനം അടിയന്തിരമായി നിർത്തിവെയ്ക്കണമെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രവർത്തനം നിർത്തിവെച്ചിട്ടുള്ളതാണ്. |
| (സി) പ്രസ്തുത പദ്ധതി ആരംഭിച്ചപ്പോൾ തെക്കൻ ജില്ലകളിൽ 10 രൂപയ്ക്ക് കുപ്പിവെള്ളം നൽകുമെന്ന് പ്രഖ്യാപിച്ചശേഷം പ്ലാന്റ് പ്രഖ്യാപനം അനിശ്ചിതത്വത്തിലാക്കിയതും നിർമ്മാണം ആരംഭിക്കാത്തതും വൻകിട കുപ്പിവെള്ള കമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം പരിശോധിക്കുമോ; | (സി) വനസംരക്ഷണ നിയമപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പദ്ധതി നിർത്തിവെക്കണമെന്ന് നിർദേശിച്ചതുകൊണ്ടു മാത്രമാണ് അപ്രകാരം പ്രവർത്തനം അനിശ്ചിതത്വത്തിലായത്. |
| (ഡി) എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ഡി) ഇക്കാര്യത്തിലെ തീരുമാനം പുനഃപരിശോധിക്കുന്നതിന് കേന്ദ്രസർക്കാരിനെ സമീപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ